**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4852** **20-07-2022 - ൽ മറുപടിയ്ക്ക്**

**വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീമതി ദെലീമ,<br>ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും വിനോദ സഞ്ചാര കേന്ദ്രം വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകാമോ; പ്രസ്തുത പദ്ധതി പ്രകാരം ഡെസ്റ്റിനേഷനുകളാക്കി മാറ്റേണ്ട പ്രദേശങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദ പദ്ധതിരേഖ, പ്രദേശത്ത് നിന്നും ലഭിക്കുന്ന വരുമാന വിനിയോഗം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിനായി ടൂറിസം വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് 'ഡെസ്റ്റിനേഷൻ ചലഞ്ച്'. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കോവിഡാനന്തര ടൂറിസം പ്രവർത്തനങ്ങളുടെ തുടക്കമെന്ന നിലയിൽ തദ്ദേശീയമായ ടൂറിസത്തിന്റെ പ്രാധാന്യം തിരിച്ചറിയാനും തദ്ദേശ സ്ഥാപനങ്ങളുടെ വിവിധ സ്കീമുകളെ ടൂറിസം പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കാനും അതിലൂടെ സംസ്ഥാനത്തിന്റെ തന്നെ വികസനവുമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപ വരെ ) ടൂറിസം വകുപ്പ് നൽകുന്നതാണ്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി റിപ്പോർട്ട് ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ www.keralatourism.org/destination-challenge<br><br>എന്ന പോർട്ടലിൽ നിർദ്ദിഷ്ട മാതൃകയിൽ അപ് ലോഡ് ചെയ്യുകയാണ് വേണ്ടത്. ടൂറിസം വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഇതുവരെ ഈ പദ്ധതി പ്രകാരം 23 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ആയത് പരിശോധിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി | (ബി) | ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ പുതിയ ടൂറിസം |

| | | | |
|---|---|---|---|
| | പ്രാവർത്തികമാകുന്നതിലൂടെ സംസ്ഥാനത്തിന്റെ ആഭ്യന്തര ടൂറിസം മേഖലയിലും സാമൂഹ്യ സാമ്പത്തിക തൊഴിൽ മേഖലകളിലും എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകാമോ? | | ഡെസ്റ്റിനേഷനുകൾ ഉണ്ടാകുകയും അതുവഴി ആഭ്യന്തര ടൂറിസം മേഖല വിപുലീകരിക്കാനും കഴിയും. ഈ പദ്ധതി പ്രകാരം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് പദ്ധതി നടത്തിപ്പിന്റെ ചുമതല. ഇത്തരം പദ്ധതികൾ വരുന്നത് വഴി തദ്ദേശവാസികൾക്ക് തൊഴിൽ സാധ്യത കൂടുകയും വരുമാന ലഭ്യത ഉണ്ടാവുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ